(ബി) എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(സി) ഇതിൽ ഓരോ ഇനത്തിലും എത്ര കേസ്സുകൾ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്?

ഉത്തരം

(എ) 7,89,234 കേസുകൾ

(ബി) 7,04 097 കേസ്സുകൾ

(സി) ഐ. പി. സി. കേസ്സുകൾ 45,217 സ്പെഷ്യൽ ആന്റ് ലോക്കൽ കേസ്സുകൾ 2,07, 974 (സെക്യൂരിറ്റി കേസ്സുകൾ ഉൾപ്പെടെ)

ബസ്സ് വാറന്റിൽ കൃത്രിമം

63. [63] ശ്രീ. കെ. സുധാകരൻ:

പ്രൊഫ : എ. ഡി. മുസ്തഫ:

ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് വാറന്റിൽ കൃത്രിമം കാണിച്ച് പോലീസുകാർ ടി. എ. വാങ്ങിയിട്ടുള്ള സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര പോലീസുകാർ ഇപ്രകാരം ടി. എ. വാങ്ങിയതായി കണക്കാക്കപ്പെടുന്നു;

(സി) എന്നുമുതലാണ് ഇപ്രകാരം ടി. എ. വാങ്ങാൻ തുടങ്ങിയത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈയിനത്തിൽ എന്തു തുകയുടെ ദുർവിനിയോഗം ഉണ്ടായതായി കണക്കാക്കപ്പെടുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി—ഡി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പോലീസ് കസ്റ്റഡിയിലെ മൂന്നാം മുറ പ്രയോഗവും കസ്റ്റഡി മരണവും

64. [64] ശ്രീ. വർക്കല കഹാർ :

,, ഡോ. എം. എ. കുട്ടപ്പൻ:

,, പ്രൊഫ: എ. ഡി. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം പാർലമെന്റ് നിയോജകമണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചശേഷം സംസ്ഥാനത്ത് എവിടെയെല്ലാം പോലീസ് കസ്റ്റഡിയിൽ വച്ചുള്ള മൂന്നാംമുറ പ്രയോഗവും കസ്റ്റഡി മരണവും ഉണ്ടായിട്ടുണ്ട്; ഇതിനുത്തരവാദികൾ ആരെല്ലാമാണ്.

(ബി) സർവ്വീസിൽ കയറുന്നതിന് മുമ്പുള്ള അവരുടെ കക്ഷി ബന്ധമെന്തായിരുന്നു;

(സി) ഈ വിധത്തിലുള്ള മൂന്നാം മുറ പ്രയോഗവും കസ്റ്റഡി മരണവും ഗവൺമെന്റിന്റെ സൽപ്പേരിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഡി) പോലീസ് കസ്റ്റഡിയിൽ മൂന്നാംമുറ പ്രയോഗവും കസ്റ്റഡി മരണവും നിയന്ത്രണവിധേയമാണോ?

ഉത്തരം

(എ) തിരുവനന്തപുരം പാർലമെന്റ് നിയോജകമണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷം (22-10-2005) പോലീസ് കസ്റ്റഡിയിൽ മൂന്നാംമുറ പ്രയോഗവും കസ്റ്റഡിമരണവും ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി—ഡി) ഉത്തരം "എ"യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ലോക്കപ്പ് മർദ്ദനങ്ങൾ

65. [65] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ ലോക്കപ്പ് മർദ്ദനം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം വല്ലതും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ലോക്കപ്പ് മർദ്ദനത്തിന്റെ ഫലമായി എത്ര പേർ മരണമടഞ്ഞിട്ടുണ്ട്; ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ വച്ചാണ് മരണമടഞ്ഞിട്ടുള്ളത്;

(ഡി) പോലീസ് കസ്റ്റഡിയിൽ വച്ച് എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(ഇ) ലോക്കപ്പ് മരണവും കസ്റ്റഡി മരണവും സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഉത്തരം

(എ) 90 പരാതികൾ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly